പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 478 06.02.2013 -ലെ മറുപടി

കെ.എസ്.ആർ.ടി.സി.യിലെ ചെലവ് ചുരുക്കൽ

ചോദ്യം

ശ്രീ. പി. കെ. ബഷീർ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) | കെ.എസ്.ആർ.ടി.സി. യിൽ വർഷങ്ങളായി നൈലോൺ ടയറുകളാണ് വാങ്ങിയിരുന്നത്. പുതിയ നൈലോൺ ടയറിന്റെ ശരാശരി ആയുസ് 29,961 കി.മീറ്ററാണ്. നൈലോൺ ടയറിനേക്കാൾ റേഡിയൽ ടയറുകൾക്ക് ആയുസ് കൂടുതലായതിനാൽ പരീക്ഷണാടിസ്ഥാനത്തിൽ റേഡിയൽ ടയറുകൾ കോർപ്പറേഷൻ വാങ്ങി ഉപയോഗിച്ചപ്പോൾ ഈ ടയറുകളുടെ ശരാശരി ആയുസ് 54,201 കി.മീറ്റർ ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന് ആവശ്യമായ ടയറുകളുടെ 60% റേഡിയൽ ടയറുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം നികത്തുന്നതിനും ചെലവ് ചുരുക്കുന്നതിനും പുനരുദ്ധാരണം സംബന്ധിച്ച പഠനം നടത്തുന്നതിനുമായി വർമ്മ ആന്റ് വർമ്മ, ചാർട്ടേഡ് അക്കൗണ്ടൻസ് എന്ന സ്ഥാപനത്തെ നിയോഗിക്കുകയും, ടി സ്ഥാപനം സമർപ്പിച്ച പഠന റിപ്പോർട്ടിന് കെ.എസ്. ആർ.ടി.സി. യുടെ ഭരണ നിർവ്വഹണ സമിതിയുടെ അനുമതി ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ നടപടികൾ സമാരംഭിക്കുയും ചെയ്തിട്ടുണ്ട്. |
| (ബി) | അതിന്റെ ഫലമായി കഴിഞ്ഞ സാമ്പത്തിക വർഷം മുൻ കൊല്ലത്തേതിൽ നിന്ന് എന്ത് തുകയുടെ ചെലവ് ചുരുക്കാൻ സാധിച്ചിട്ടുണ്ട്; | (ബി) | 2012 -13 സാമ്പത്തിക വർഷത്തിന്റെ രണ്ടാം അർദ്ധ വർഷത്തിലാണ് പുനരുദ്ധാരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ട് ഫലം കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യാൻ നിർവ്വാഹമില്ല. |

| | | | |
|---|---|---|---|
| | | | പുതിയ റേഡിയൽ ടയറുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചതുകൊണ്ട് കോർപ്പറേഷന് 6.03 കോടി രൂപ ചെലവ് ചുരുക്കാൻ സാധിച്ചു. |
| (സി) | ചെലവ് ചുരുക്കലിന്റെ ഭാഗമായി സർവ്വീസ് നടത്തുന്ന വാഹനങ്ങളുടെയും അല്ലാത്തവയുടെയും സ്പെയർ പാർട്സ്, മറ്റ് ഇനങ്ങൾ എന്നിവയ്ക്കുള്ള ചെലവിനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഉണ്ടായ വ്യത്യാസം വ്യക്തമാക്കുമോ ? | (സി) | സ്പെയർ പാർട്സിന്റെ ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചെങ്കിലും ബസ്സുകളുടെ എണ്ണം കൂടുകയും സ്പെയർ പാർട്സുകളുടെ വില ക്രമാതീതമായി വർദ്ധിച്ചതും കാരണം സ്പെയർ പാർട്സിനും മറ്റ് ഇനങ്ങൾക്കും ഉള്ള ചെലവ് വർദ്ധിക്കുകയാണുണ്ടായത്. |

സെക്ഷൻ ഓഫീസർ